# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 425

27.02.2018-ൽ മറുപടിക്ക്

## മുദ്ര പത്രങ്ങൾക്ക് ക്ഷാമം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് 50, 100 രൂപയുടെ മുദ്രപത്രങ്ങൾ ലഭിക്കാത്തത് മൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മുദ്രപത്രക്ഷാമത്തിന്റെ മറവിൽ വലിയ തുകക്കുള്ള മുദ്ര പത്രങ്ങൾ മാത്രം വിൽപ്പന നടത്തി, ചെറിയ തുകക്കുള്ള മുദ്രപത്രങ്ങൾ പൂഴ്ത്തിവെയ്ക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ? | ബി) ചെറിയ തുകക്കുള്ള മുദ്രപത്രങ്ങൾ വെണ്ടർമാർ പൂഴ്ത്തിവച്ച് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| സി) സാധാരണക്കാർക്ക് ആവശ്യമുള്ള ചെറിയ തുകയുടെ മുദ്രപത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | സി) മുദ്രപത്രങ്ങൾ റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കുന്നതിനായി തയ്യാറാക്കി വരികയും ഫെബ്രുവരി അവസാന വാരം ഇവ ട്രഷറികളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികൾ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേക്ക് നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്.<br>31/03/2018 വരെ ആവശ്യം വരുന്ന മുദ്രപത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ |

30/09/2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 01/04/2017 മുതൽ 30/09/2017 വരെയുള്ള കാലയളവിലേക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഹൈദരബാദ് സെക്യൂരിറ്റി പ്രസിൽ നിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**